"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 ലെ പൊതുസ്ഥലം മാറ്റ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.400/2024/LSGD തീയതി,തിരുവനന്തപുരം, 19-02-2024

---

പരാമർശം:-

1. ഓവർസിയർ ഗ്രേഡ് III നിജില എൻ.കെ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത അപേക്ഷ,
2. ശ്രീ. അശോകൻ കെ. 12.12.2023 ൽ സമർപ്പിച്ച അപേക്ഷ
3. 07.02.2024 ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ പരാമർശം 1,2 പ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള അപ്പീൽ അപേക്ഷകൾ പരാമർശം 3 പ്രകാരം ചേർന്ന അപ്പീൽ കമ്മിറ്റി പരിഗണിക്കുകയും, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു.

**നിജില എൻ.കെ, ഓവർസിയർ ഗ്രേഡ് III**, തളിപ്പറമ്പ് മുൻസിപ്പാലിറ്റി സമർപ്പിച്ച അപേക്ഷ കമ്മിറ്റി പരിശോധിക്കുകയുണ്ടായി. ടിയാരിയുടെ സമീപ പഞ്ചായത്തായ കടമ്പൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന മൂന്നാം തരം ഓവർസിയറായ ശ്രീമതി. മിനി തളിപ്പറമ്പ് മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയിട്ടുള്ളതിനാൽ ഇവർക്ക് Mutual Transfer അനുവദിക്കണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്. നിലവിലെ സ്റ്റേഷനിൽ (കണ്ണൂർ കോർപ്പറേഷൻ) 3 വർഷം പൂർത്തിയാക്കിയതിനാലും 2023 വർഷത്തെ പൊതു സ്ഥലംമാറ്റത്തിൽ ടിയാരി സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാലും, പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നല്കിയതിനുശേഷം ഒഴിവുള്ള സ്റ്റേഷനിലേക്കാണ് ടിയാരിയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. സാമ്പത്തിക പ്രവർത്തനങ്ങളുടെ വർഷത്തെ പദ്ധതി അവസാനഘട്ടത്തിലായതിനാൽ സ്ഥലംമാറ്റം അനുവദിക്കുന്നത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നും അതിനാൽ 2024-ലെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലംമാറ്റം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടിയാരിയുടെ അപ്പീൽ അപേക്ഷ തീർപ്പാക്കുവാൻ അപ്പീൽ കമ്മിറ്റി തീരുമാനിച്ചു. **അനൂപ്, ഓവർസിയർ ഗ്രേഡ് II**, ഇലഞ്ഞൂർ ഗ്രാമപഞ്ചായത്ത് -ന് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പിതാവ് ശ്രീ. അശോകൻ കെ. എന്നവർ സമർപ്പിച്ച അപേക്ഷ അപ്പീൽ കമ്മിറ്റി പരിശോധിക്കുകയുണ്ടായി. നിലവിലെ സ്റ്റേഷനിൽ ടിയാൻ (കൊല്ലം കോർപ്പറേഷൻ) 3 വർഷം പൂർത്തീകരിച്ചിട്ടില്ല. 2023 -ലെ പൊതുസ്ഥലംമാറ്റത്തിനുള്ള ടിയാന്റെ അപേക്ഷ പ്രകാരം ഹയർ ഓപ്ഷൻ സ്റ്റേഷനുകളിൽ ഒഴിവില്ലാത്തതിനാലാണ് പൊതുസ്ഥലമാറ്റം മാനദണ്ഡങ്ങൾക്ക് വിധേയമായി ടിയാളുടെ 20-മത്തെ ഓപ്ഷൻ പരിഗണിച്ച് ഇലഞ്ഞൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലമാറ്റം നൽകിയിട്ടുള്ളതെന്നും 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ അവസാനഘട്ട ജോലികൾ തിരക്കിട്ടു നടക്കുന്നതിനാൽ സ്ഥലംമാറ്റം നൽകുന്നത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാൽ 2024 ലെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലംമാറ്റം അനുവദിക്കുന്നത്

പരിഗണിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം അപ്പീൽ അപേക്ഷ തീർപ്പാക്കുവാൻ അപ്പീൽ കമ്മിറ്റി തീരുമാനിച്ചു.

അപ്പീൽ കമ്മിറ്റിയുടെ മേൽ തീരുമാനം സർക്കാർ വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരെ ഓവർസിയർ ഗ്രേഡ് III നിജില എൻ കെ, ഓവർസീയർ ഗ്രേഡ് II അനൂപ് എന്നിവരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപ്പീൽ അപേക്ഷകൾ അപ്പീൽ കമ്മിറ്റിയുടെ മേൽ തീരുമാനമനുസരിച്ച് തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 20-02-2024 08:57:13